മി. ചെയർമാൻ: 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച് II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നുവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2). 2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, 2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, 2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഇവിടെ കശുമാവിൻതോട്ടങ്ങളെ മുൻകാലങ്ങളിൽ ഭൂപരിധി വ്യവസ്ഥയിൽനിന്നു ഒഴിവാക്കി അവയ്ക്ക് പ്ലാന്റേഷൻ സ്റ്റാറ്റസ് നൽകിയിരുന്നു. എന്നാൽ 1970-ൽ കശുമാവിനെ ഭൂപരിധി നിയമത്തിൽ കൊണ്ടുവരികയും അവയുടെ പ്ലാന്റേഷൻ സ്റ്റാറ്റസ് എടുത്തുകളയുകയും ചെയ്യുകയാണ് യഥാർത്ഥത്തിൽ ഉണ്ടായത്. ഇത് വാസ്തവത്തിൽ പറഞ്ഞാൽ ഈ കഴിഞ്ഞകാല അനുഭവങ്ങൾ നമ്മൾ നോക്കുമ്പോൾ, 1970 മുതൽ ഇന്നുവരെയുള്ള അനുഭവങ്ങൾ നോക്കുമ്പോൾ, കശുമാവിന് പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുക്കാതിരുന്നതുകാരണം കശുവണ്ടിയുടെ ഉൽപ്പാദനത്തെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ ഇതിന് പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുത്തുകൊണ്ട് ഈ കൃഷിയെ പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണെന്നു തോന്നുകയാണ്. ഞാൻ അതിന് ഒരു ഉദാഹരണം പറയട്ടെ. നമുക്കിവിടെ കേരളത്തിൽ ഇപ്പോൾ 300-ഓളം കശുവണ്ടി ഫാക്ടറികളുണ്ട്. ഇതിന് ആവശ്യമായിവരുന്ന കശുവണ്ടി 10 ലക്ഷം മെട്രിക് ടണ്ണാണ്. നമ്മുടെ കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ജോലി കൊടുക്കണം. ഈ ഫാക്ടറികൾ പ്രവർത്തിപ്പിക്കണമെന്നുണ്ടെങ്കിൽ 10 ലക്ഷം മെട്രിക് ടൺ കശുവണ്ടി ഇവിടെ ആവശ്യമാണ്. പക്ഷേ, ഇന്ത്യയിലാകെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയെന്നു പറയുന്നത് 5 ലക്ഷം മെട്രിക് ടൺ മാത്രമാണ്. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയാണെങ്കിൽ ഒരു ലക്ഷം ടണ്ണാണ്. നമ്മൾ 5 ലക്ഷം ടണ്ണോളം എല്ലാ വർഷവും ഇറക്കുമതി ചെയ്യുകയാണ്. ഇറക്കുമതി ചെയ്തു കൊണ്ടാണ് നമ്മൾ ഇവിടുത്തെ ആവശ്യം നിറവേറ്റുന്നത്. എന്നാൽപ്പോലും ഇവിടുത്തെ ആവശ്യത്തിന് കശുവണ്ടി നമുക്ക് ലഭിക്കുന്നില്ല. ഇറക്കുമതി പലപ്പോഴും പ്രയാസകരമാണ്. നമ്മൾ ഉദ്ദേശിക്കുന്ന സമയത്ത് നമുക്ക് ഉദ്ദേശിക്കുന്ന രീതിയിൽ കശുവണ്ടി കിട്ടുന്നില്ല. ഉദാഹരണമായിട്ട് പറയുകയാണെങ്കിൽ, കാപ്പക്സിന് ഒരു വർഷത്തിൽ ജോലി കൊടുക്കാൻ കഴിയുന്നത് 187 ദിവസം മാത്രമാണ്. അതുപോലെ നമ്മുടെ കോർപ്പറേഷനുണ്ട്. കോർപ്പറേഷനിൽ പരമാവധി 250 ദിവസമാണ് ജോലി കൊടുക്കാൻ കഴിയുന്നത്. ചില കാലങ്ങളിൽ 100 ദിവസംപോലും ജോലി കൊടുക്കാൻ കഴിയാത്ത വർഷങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, പൊതുവെ പറയുമ്പോൾ 250 ദിവസമാണ് കോർപ്പറേഷനിൽ ജോലി കൊടുക്കുന്നത്. 365 ദിവസവും തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ കഴിയുമായിരുന്നു, ഇവിടെ കശുമാവ് കൃഷി വ്യാപിപ്പിച്ചിരുന്നെങ്കിൽ ഇവിടെ കശുവണ്ടി ഉണ്ടായിരുന്നെങ്കിൽ തീർച്ചയായിട്ടും തൊഴിലാളികൾക്കെല്ലാം 365 ദിവസവും ജോലി കൊടുക്കാൻ കഴിയുമായിരുന്നു. എന്നുമാത്രമല്ല, 2004-ൽ ഫോറിൻ എക്സ്ചേഞ്ച്, 2,700 കോടി രൂപയാണ് നമ്മൾ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തതുവഴി കിട്ടിയിരിക്കുന്നത്. എന്നാൽ നേരെമറിച്ച് നമുക്ക് ഇവിടെ 365 ദിവസവും ഫാക്ടറികൾ പ്രവർത്തിപ്പിച്ചിരുന്നെങ്കിൽ എത്രയോ കൂടുതൽ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യാൻ കഴിയുമായിരുന്നു. അതിന്റെ ഫലമായി എത്രയോ കൂടുതൽ ഫോറിൻ എക്സ്ചേഞ്ച് നമുക്ക് നേടുവാൻ കഴിയുമായിരുന്നു. ഈ യാഥാർത്ഥ്യങ്ങൾ എല്ലാംകൂടി നമ്മൾ പരിഗണിക്കുമ്പോൾ ഒരു കാര്യം മാത്രമേയുള്ളൂ. റബ്ബർ, തേയില, കാപ്പി, ഏലം തുടങ്ങിയ കൃഷികൾക്ക് പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുത്തതുപോലെ, മുമ്പ് ഉണ്ടായിരുന്നതുപോലെ, കശുമാവ് കൃഷിക്കും പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുക്കുകയാണെങ്കിൽ ഈ കൃഷിയെ നമുക്ക് വികസിപ്പിക്കാൻ കഴിയും. അതുകൊണ്ട് 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 81-ാമത്തെ വകുപ്പ് അനുസരിച്ചുള്ള എക്സംപ്ഷൻ കശുമാവ് കൃഷിക്ക് നൽകണം എന്നത് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ചെയർമാനായിട്ടുള്ള നിയമപരിഷ്കരണ കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയുണ്ടായി. നിയമപരിഷ്കരണ കമ്മിറ്റിയുടെ അഭിപ്രായം കശുമാവിന് ഈ പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുക്കണമെന്നുള്ളതാണ്. അപ്പോൾ വികസന സൗഹൃദമായ നിയമങ്ങളാണ് നിയമപരിഷ്കരണ കമ്മിറ്റി ചർച്ച ചെയ്തത്. ഇത് വികസനസൗഹൃദമായ ഒരു നിയമമാണ്. ഇതിനു മുമ്പു കൊണ്ടുവന്നതും വികസനസൗഹൃദമായ നിയമമാണ്. മനുഷ്യന്റെ പുരോഗതിയും അവന്റെ വികസനത്തിനു തടസ്സമായി നിൽക്കുന്ന ആ നിബന്ധനകളെയൊക്കെ മാറ്റുക എന്നതാണ് വികസനസൗഹൃദമായ നിയമങ്ങൾ കൊണ്ടുവരുമ്പോൾ ഉദ്ദേശിച്ചിരുന്ന കാര്യങ്ങൾ. ആ നിലയ്ക്ക് ഈ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഇപ്രകാരം ഒരു നിയമം കൊണ്ടുവരണമെന്ന് നിയമപരിഷ്കരണ കമ്മിറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ മന്ത്രിസഭാ തലത്തിൽ കൂടി രൂപം കൊടുത്തതാണ് ഈ ബിൽ. ഇത് നമുക്ക് എത്രയും വേഗം പാസ്സാക്കേണ്ടതായിട്ടുണ്ട്. ഇതിൽ

യാതൊരു കോൺട്രവേഴ്സിയും ഇല്ല. ഇത് വളരെ പ്രയോജനകരമായ ഒരു ബിൽ എന്ന നിലയിൽ എല്ലാവരും ഏകകണ്ഠമായി അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നു. ബിൽ നമുക്ക് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാവുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, 2004 -ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നിലവിലുള്ള നിയമം 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടാണ്. ആ ആക്ട് പ്രാബല്യത്തിൽ വന്നിട്ട് വർഷം 40 കഴിഞ്ഞു. ഇന്നും അന്നും തുടരുന്നതും പിന്നീട് മാറ്റിയതും പുനഃസ്ഥാപിച്ചുകൊടുക്കാൻവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ഇന്നു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി .മാണിസാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കശുവണ്ടി ആവശ്യത്തിന് ഉൽപ്പാദിപ്പിക്കുവാനും കേരളത്തിലെ കശുമാവ് തോട്ടങ്ങളെ സംരക്ഷിക്കാനും കഴിയാത്ത ദുഃസ്ഥിതിക്ക് ഒരു മാറ്റം ഉണ്ടാക്കാൻവേണ്ടി, അതുമുഖേന ഫാക്ടറികളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി, കേരള ഗവൺമെന്റ് എടുത്ത ഒരു തീരുമാനത്തിന്റെ വെളിച്ചത്തിലുള്ള ഒരു ഭേദഗതിയാണ് ഇത്. ഞാൻ ഇതിനെ പിന്താങ്ങുന്നു. 40 വർഷങ്ങൾക്കുമുൻപാണ് കേരളത്തിൽ വിപ്ലവാത്മകമായി പാസാക്കപ്പെട്ട ഭൂപരിഷ്കരണ നിയമം സ്വർണ്ണലിപികളിൽ എഴുതപ്പെട്ടത്. ലക്ഷോപലക്ഷം കർഷകത്തൊഴിലാളികൾക്ക്, പതിനായിരക്കണക്കിന് കർഷകർക്ക് അന്നോളം ഉണ്ടാകാത്ത, ആശ്വാസത്തിന് പ്രതീക്ഷ നൽകിയ നിയമമാണ് കേരളത്തിലെ ഭൂപരിഷ്കരണ നിയമം. അതിൽ സന്തോഷംകൊണ്ടല്ല ആഹ്ലാദം കൊണ്ട് കേരളത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗം മതിമറന്നിട്ടുണ്ട്. അത് ഇന്നലെയുടെ ചരിത്ര വസ്തുത. പക്ഷേ, അതിന്റെ ജന്മം സ്വൽപ്പം കളങ്കത്തോടുകൂടിയുള്ളതായിരുന്നു. നിയമം അവതരിപ്പിക്കാൻ നിയോഗിക്കപ്പെട്ടവർ അതിന്റെ വകുപ്പുകൾ അറിഞ്ഞ് ചെറിയ കൃത്രിമം വേണ്ടപ്പെട്ടവരെക്കൊണ്ട് ചെയ്യിച്ച് ജനിച്ചുവീണ ഒരു നിയമമായിരുന്നു അത്. അപ്പോൾ ജൻമത്തിൽത്തന്നെ സംശയം, ശുദ്ധിയില്ലായ്മ വന്നാൽ പിന്നീട് ജനിച്ചുവീഴുന്ന കുട്ടികൾക്കും അത് പ്രകടമായാൽ നമുക്ക് കുറ്റം പറയാൻ പറ്റില്ല. അത് അന്നുതൊട്ട് ഇന്നുവരെ കർഷകമേഖലയിലെ നിയമകാര്യത്തിൽ പ്രത്യേകിച്ച് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിക്കൊണ്ടുവന്നതിൽ ഇന്നോളം അത് വ്യാപിച്ചുകിടക്കുന്നു. അത് നമുക്കറിയാം. അന്ന് വെണ്ടർമാർ സ്റ്റാമ്പുകൾ വിൽപ്പനയ്ക്ക് നിയോഗിക്കപ്പെട്ടവർ; പക്ഷേ, വിൽക്കാൻ കഴിയാത്ത സ്റ്റാമ്പുകൾ പിന്നീട് മുദ്രവിലയുടെ ആയിരക്കണക്കിന് മടങ്ങിന് ഇത്തരം മുദ്രപ്പത്രങ്ങൾ വിൽക്കപ്പെട്ടിട്ടുണ്ട്. എന്തിനുവേണ്ടി? കള്ളപ്രമാണങ്ങൾ എഴുതിയുണ്ടാക്കി വന്ന നിയമം നടപ്പിലാകുമ്പോൾ ഇതിൽനിന്ന് രക്ഷകിട്ടാൻ അവരൊക്കെ നിയമത്തെ ചൂഷണം ചെയ്തു. കൈവശഭൂമി ആവശ്യത്തിൽ കവിഞ്ഞ് കൈവശം വച്ച ആളുകൾ. ഇത് നടപ്പിലാക്കാൻ സർക്കാർ കമ്മിറ്റിയെ നിയോഗിച്ചു. അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടെ ഉദ്യോഗസ്ഥൻമാർ പലരും വേണ്ടുവോളം കൊയ്തു. വിതയ്ക്കാത്ത നിലത്തിന്റെ കള്ളക്കൊയ്ത്ത്. അത് പരിശോധിക്കാൻ നിയോഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിഅംഗങ്ങളും വേണ്ടതൊക്കെ ചെയ്തു. പക്ഷേ, ഈ സന്ദർഭത്തിലും പ്രതിബദ്ധതയോടെ നിയോഗിച്ചകാര്യം ആത്മാർത്ഥമായി സത്യസന്ധമായി നിർവ്വഹിക്കപ്പെട്ട അനൗദ്യോഗികാംഗങ്ങളും ഉദ്യോഗസ്ഥൻമാരും ഉണ്ടായിട്ടുണ്ട്. അവർ അന്നും ശേഷവും പീഡിപ്പിക്കപ്പെട്ട ആളുകളായിത്തന്നെ നിന്നു. അതിൽ ഒരുവനാണ് സി.പി.ഐ.-ലെ നേതാവായിരുന്ന മൺമറഞ്ഞുപോയ എക്സ് എം.എൽ.എ. കെ.വി. നാരായണൻ. അഭിമാനത്തോടെ എന്നും ഞാൻ ഓർക്കുകയും ചെയ്യും. ആ മനുഷ്യൻ നെൻമാറ മലയുടെ താഴ്വരയിൽ താമസിച്ച് ചിറ്റൂർ താലൂക്ക് ഓഫീസിലേക്ക് ട്രൈബ്യൂണലിന് വരുന്നത് സർവ്വീസ് ബസ്സിൽ കയറി യഥാസമയം എത്തുകയും മുഴുവൻ കേസുകളുടെയും വാദംകൂടി ന്യായമായ തീരുമാനത്തെ മാത്രം അനുകൂലിക്കുകയും ചെയ്ത മഹത് വ്യക്തിയായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ സത്യസന്ധത അന്നും അറിടെ ആവശ്യമില്ല, പിന്നീടും ഉണ്ടായിരുന്നില്ല. അതിനെയൊക്കെ മറികടന്ന് ആവശ്യക്കാരനെ, യോഗം കഴിഞ്ഞുപോകുമ്പോൾ വാഹനത്തിനും വീട്ടിനെ ആവശ്യത്തിനുമൊക്കെ ഒത്താശ ചെയ്തവരുടെ കാര്യങ്ങളാണ് ഒട്ടുമുക്കാലും നടന്നത്.

മി. ചെയർമാൻ: യേസ് .....

ശ്രീ. കെ. എ. ചന്ദ്രൻ: സർ, നിയമമാണല്ലോ. അതും അതിൽ പങ്കെടുക്കേണ്ടുന്ന ആളുകൾ ഒളിച്ചോടിപ്പോയ സമയം. അത് കേരളത്തിലെ ലക്ഷോപലക്ഷം ജനങ്ങൾക്ക് പ്രതീക്ഷ കൊടുത്തത് മങ്ങിമറഞ്ഞ് നാശമായിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷത്തെ സംബന്ധിച്ചുള്ള നിയമ ഭേദഗതിയാണ്. അതിൽ സംസാരിക്കുകതന്നെ വേണം. അതിന് അനുവദിക്കുകതന്നെ വേണം. ഈ നിയമത്തിലെ ആക്ടിനും റൂൾസിനും അനുസരിച്ച് വേണ്ടതുപോലെ വാദിക്കാൻ കഴിയാതെ കോടതിയിൽ പറഞ്ഞതിനുശേഷം വിധികർത്താക്കളെക്കൊണ്ട് വിധി സമ്പാദിക്കുന്ന ഒരുകൂട്ടം ആളുകൾ ഒരു കാലഘട്ടത്തിൽ വല്ലാതെ സാമ്പത്തികമായി വളർന്ന് ഉയർന്നിട്ടുണ്ട്. അത് ഭൂപരിഷ്കരണ നിയമത്തിന്റെ പിന്നീടുണ്ടായ സത്യമായ വസ്തുതകളാണ്. അങ്ങനെ എല്ലാവരാലും വഞ്ചിക്കപ്പെട്ട കഥയാണ് നമുക്ക് വിപ്ലവാത്മകമായ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ ഉണ്ടായിട്ടുള്ളത്. കൃത്രിമരേഖ സൃഷ്ടിച്ചോ അവിഹിതമായി ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ചോ അതുപോലെ കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ചോ ഒക്കെ ഈ നിയമത്തിന്റെ പരിധിയിൽനിന്ന് രക്ഷപ്പെടുകയും ആ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ വൻകിടക്കാരായ തോട്ടം ഉടമകളെ നമ്മൾ അന്നുതന്നെ ഈ പരിധിയിൽനിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. കാരണം, തോട്ടം തുണ്ടു തുണ്ടായി. അത് പ്രായോഗികമായി കൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ട് തോട്ടങ്ങളെ അതിൽനിന്ന് നമ്മൾ അന്നുതന്നെ നീക്കം ചെയ്തു. അതിനാൽ തൊഴിലാളികൾ അന്നും ഇന്നും സംഘടിതരാണ്. അവർക്ക് രക്ഷ കൊടുക്കാൻ സഹായകമാകുന്ന നിലയിൽ വനത്തെ അന്ന് നമ്മൾ ഇതിൽനിന്ന് മാറ്റി. തോട്ടങ്ങളെ മാറ്റിയ കൂട്ടത്തിൽ ഉൾപ്പെടേണ്ടതായിരുന്നു ഇന്നത്തെ നിയമം. പക്ഷേ, അന്ന് ഇത് ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ, ആർക്കും എപ്പോഴും എന്തും പറഞ്ഞ് ഈ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

കയ്യേറാൻ കഴിയുന്ന ഒരു വിഭാഗമുണ്ട്; അതാണ് അദ്ധ്വാനിക്കാനുള്ള ആളുകൾക്ക് തിന്നാൻവേണ്ടി ഉൽപ്പാദിപ്പിക്കുന്ന അരിക്കുവേണ്ടി നെല്ല് ഉൽപ്പാദിപ്പിക്കുന്ന നെൽക്കർഷകർ. 1964-കളിൽ സാധാരണക്കാരുടെ ആവശ്യം കഞ്ഞിയാണ്. കഞ്ഞിക്കുള്ള വക നിലമാണ്. ആ വിഭാഗക്കാർക്ക് കുറച്ച് വിലയ്ക്ക്, പരിധി നിശ്ചയിച്ച്, ആ പരിധിയിൽ കൈവശ ഭൂമിക്കാർ പല കാരണങ്ങൾകൊണ്ട് തുണ്ടുതുണ്ടാക്കി. ഇന്ന് നെൽക്കൃഷിമേഖല നാശോൻമുഖമായി. ഈ ബില്ല് സ്വയമായി ഉദ്ദേശിച്ചതല്ലെങ്കിലും പരിണതഫലം അതായി. ബഹുമാനപ്പെട്ട മാണിസാറിന് ഇക്കാര്യങ്ങൾ നല്ലതുപോലെ അറിയാം. അതുകൊണ്ട് ഭൂപരിഷ്കരണ ബില്ല് കൊണ്ടുവരുന്നത് കശുവണ്ടി മേഖലയിലെ മറ്റ് ആളുകൾക്കും തോട്ടം തൊഴിലാളികൾക്കും ഇതിന്റെ മുതലാളിമാർക്കും സഹായകമാകും. കേരളത്തിലെ നെൽക്കൃഷി വ്യാവസായികമായ അടിസ്ഥാനത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തെ സംരക്ഷിക്കാൻ ഇന്നത്തെ ഭൂപരിഷ്കരണ നിയമം പൊളിച്ചെഴുതേണ്ടത് അനിവാര്യമായിട്ടുണ്ട്. 40 വർഷങ്ങൾക്കുശേഷം വന്ന അതിലെ ദോഷങ്ങളും പരിവർത്തനങ്ങളും ആഗോളവ്യാപകമായി കൃഷിതന്നെ വ്യവസായവൽക്കരിച്ച കാലഘട്ടത്തിൽ പൊളിച്ചെഴുത്ത് അത്യന്താപേക്ഷിതമാണ്. മാത്രമല്ല, നമ്മുടെ പൂർവ്വികൻമാർ ബുദ്ധിപരമായി ചിന്തിക്കുകയും അവരെക്കൊണ്ട് കഴിയാവുന്ന വിധത്തിൽ നിർമ്മാണ പ്രവൃത്തിക്ക് വേണ്ടുന്ന വെള്ളം സംഭരിക്കുകയും ചെയ്യുന്ന അവർ നിർമ്മിച്ച ഏരികുളങ്ങളൊക്കെ ഭൂപരിഷ്കരണ നിയമം വന്നതോടുകൂടി അന്യാധീനപ്പെട്ടു. അതൊക്കെ വെട്ടിനികത്തുകയും അതൊക്കെ ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഇതുമുഖേന വന്നത് അണാപൈസയുടെ അടിസ്ഥാനത്തിലാണെങ്കിൽ വിലമതിക്കാൻ കഴിയാത്തവണ്ണം കോടാനുകോടികളുടേതാണ്. അത് സാമ്പത്തിക കണക്കനുസരിച്ച് ഈ കേരളക്കരയിൽ നമ്മളും നമുക്കുശേഷം വരുന്ന ജനവും ജീവജാലങ്ങളും ജീവിക്കണമെങ്കിൽ ഈ മണ്ണിന് ഈർപ്പം വേണം. ആ ഈർപ്പം നിലനിർത്താൻ മുൻഗാമികൾ ചെയ്ത ജലസംഭരണികൾ ഇല്ലാതായതിന്റെ പ്രത്യേക കാരണം ഈ ഭൂപരിഷ്കരണ നിയമത്തിലെ സീലിംഗ് ആയിരുന്നു. അന്ന് അതിന് സംരക്ഷണം കൊടുത്തിരുന്നെങ്കിൽ അത് ഏറ്റെടുത്ത് നിലനിർത്തിയിരുന്നുവെങ്കിൽ വരൾച്ചയും അതിന്റെ കെടുതിയും ഇന്നത്തേതുപോലെ വരുമായിരുന്നില്ല. ഭൂപരിധി വിസ്തീർണ്ണം നിർണ്ണയിച്ചപ്പോൾ യഥാവിധി ഭാര്യയും ഭർത്താവും ഒന്നിച്ച് മക്കളുമായി കഴിഞ്ഞിരുന്ന കുടുംബങ്ങളെ നിയമത്തിന്റെ നൂലാമാലയിൽനിന്ന് രക്ഷപ്പെടുത്താൻ ഭാര്യയും ഭർത്താവും രജിസ്ട്രാറാഫീസിൽ പോയി ബന്ധം ഇല്ലാതാക്കി. കർഷകജനതയ്ക്ക് അറിയാൻ പാടില്ലാത്ത കാര്യം, ഗ്രാമീണ ജനത ചിന്തിക്കാത്ത കാര്യം, ഈ നിയമത്തിൽ നിന്ന് രക്ഷ കിട്ടാൻവേണ്ടി ഭാര്യയും ഭർത്താവും ഒരു വീട്ടിൽ, ഒരു മുറിയിൽ കഴിഞ്ഞവർ ഞങ്ങൾ കലഹിച്ചു പിരിഞ്ഞിരിക്കുന്നു, അതിന്റെ സാധുതയ്ക്കായി കോടതിയിൽപ്പോയി വിധി സമ്പാദിച്ച് കുടുംബങ്ങൾ ഉള്ളതുപോലും ഇല്ലാതാക്കി. പിന്നീട് വന്നപ്പോൾ ഭാര്യ വേറെ, ഭർത്താവ് വേറെ. 12 ഏക്കർ ഭൂമി കൈവശം വച്ചു കിട്ടുന്നതിനുവേണ്ടി അമ്മയെയും അച്ഛനെയും വേർതിരിപ്പിക്കുന്ന നിലയിൽ അങ്ങനെ ചെയ്താൽ നിയമത്തിൽ സംരക്ഷണം കിട്ടും എന്ന നിലയിൽ ഗ്രാമീണ കേരളത്തിന്റെ പരമ്പരാഗതമായി വന്ന നമ്മുടെ സംസ്കാരത്തെ

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധിച്ച് വിഷം കൊടുത്തതിന് തുല്യമാക്കി. ഇത്തരം നീചമായ പ്രവൃത്തികൾക്ക് ഒരു നിയമനിർമ്മാണത്തിലും പഴുത് കൊടുക്കാൻ പാടില്ലാത്തതാണ്. അതാണ് ഇതുമുഖേന വന്ന ഒരു വൻവിപത്ത്. വിവാഹ ബന്ധം വേർപെടുത്തിയാൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാം എന്നു തുടങ്ങിയ നിബന്ധനകളൊക്കെ ഉണ്ടായത് ഇനി ഭേദഗതി അവതരിപ്പിക്കുമ്പോഴും കഴിയുംവേഗം ഭൂപരിഷ്കരണ നിയമത്തിന് ഒരു പൊളിച്ചെഴുത്ത് നടത്തി ഇത് നല്ല നിലയിൽ കൊണ്ടുവരേണ്ടതിന് സഹായിക്കുന്ന നിലയിലുള്ളതിന്റെ ആദ്യപടി എന്ന നിലയിലുള്ള ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. എം. എ. വാഹീദ്: സർ, 2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒരുപാട് നിയമങ്ങൾ ഈ നിയമസഭയിൽ അവതരിപ്പിച്ച മന്ത്രിയാണ് മാണി സാർ. ഇങ്ങനെ പോകുകയാണെങ്കിൽ മിക്കവാറും ഗിന്നസ് ബുക്കിൽ മാണി സാറിന്റെ പേരും വരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഏറ്റവും കൂടുതൽ നിയമങ്ങൾ കേരള നിയമസഭയിൽ അവതരിപ്പിച്ച മന്ത്രി എന്നുള്ള നിലയിൽ ഗിന്നസ് ബുക്കിൽ പേരു വരാൻ എല്ലാ രീതിയിലും മാണിസാർ അർഹനാണ്. ഈ നിയമം ഇവിടെ അവതരിപ്പിച്ചതുകൊണ്ട് ഏറ്റവും കൂടുതൽ ഗുണം ലഭിക്കുന്നത് കേരളത്തിലെ കശുവണ്ടിത്തൊഴിലാളികൾക്കാണ്. കശുവണ്ടിത്തൊഴിലാളികൾക്ക് പലപ്പോഴും വർഷത്തിൽ നൂറ് ദിവസംപോലും തൊഴിൽ ലഭ്യമാകാത്ത സ്ഥിതിവിശേഷംകൊണ്ട് കഷ്ടപ്പെടുന്ന ഒരു കാലമാണ് ഇത്. ഇതിനുവേണ്ടി സമരം ചെയ്യുന്നവർ കേരളത്തിലുണ്ട്. തലങ്ങും വിലങ്ങും സമരം ചെയ്യുന്നവർ ഈ പ്രധാനപ്പെട്ട ബിൽ ചർച്ചയ്ക്ക് വന്നപ്പോൾ സഭയിലില്ല. അതാണ് ഈ നിയമത്തിന്റെ പ്രത്യേകത. തൊഴിലാളികൾക്കുവേണ്ടി ഘോരഘോരം പ്രസംഗിക്കുകയും അതേ തൊഴിലാളികളുടെ ആവശ്യം മുൻനിർത്തി വരുന്ന ഈ നിയമനിർമ്മാണത്തിൽ പങ്കാളികളാകാതെ അവരുടെ കർത്തവ്യം നിർവ്വഹിക്കാതെ മനഃപൂർവ്വം പുറത്തുപോകുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് സഭയിലുണ്ടായി. കേരളത്തിലെ പരമ്പരാഗത തൊഴിലാളികളിൽ ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന ഒരു വിഭാഗമാണ് കേരളത്തിലെ കശുവണ്ടിത്തൊഴിലാളികൾ. അവിടെയുള്ള എം.എൽ.എ.-മാർപോലുമില്ല. അതാണ് സ്ഥിതി. ഈ നിയമം ഇവിടെ ചർച്ച ചെയ്യുമ്പോൾ കേരളത്തിൽ പരമ്പരാഗത തൊഴിൽ വിഭാഗത്തിൽപ്പെട്ട കശുവണ്ടിത്തൊഴിലാളികൾക്ക് അവരുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇപ്പോൾ ലഭിക്കുന്ന തൊഴിലവസരങ്ങളെക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ ഭാവിയിൽ ലഭിക്കത്തക്ക രീതിയിൽ ഗവൺമെന്റ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന നിയമം എന്നുള്ള നിലയിൽ തൊഴിലാളികളുടെ താൽപ്പര്യം മുൻനിർത്തി നടത്തിയിരിക്കുന്ന ഈ നിയമത്തിന് സർവ്വവിധ പിന്തുണയും രേഖപ്പെടുത്തിക്കൊണ്ട് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. കെ. എ. ചന്ദ്രൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. കെ. എ. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,—

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(3) 2002-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2002-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2002-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly